(എഫ്) സ്കൂളുകൾ അനുവദിക്കുവാൻ ഓരോ സ്ഥലത്തിന്റെയും വിദ്യാഭ്യാസപരമായ ആവശ്യകതയാണ് മാനദണ്ഡം ആയി ഉദ്ദേശിക്കുന്നത്.

(ജി) ഗവൺമെൻറ് സ്കൂളുകളെ പ്രതികൂലമായി ബാധിക്കാത്ത തരത്തിലാണ് പുതിയ സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നത്.

(എച്ച്) മേൽ പറഞ്ഞ അൺ എയിഡഡ് സ്കൂളുകൾ എല്ലാംതന്നെ 1986-87 അദ്ധ്യയന വർഷത്തിൽ അനുവദിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

(ഐ) കേരളത്തിലെ എല്ലാ ജില്ലകളിലും പുതിയ സ്കൂളുകൾ അനുവദിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു.

(ജെ) പ്രാഥമിക സ്ഥലനിർണ്ണയ ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞു.

(കെ) 150 അൺ എയിഡഡ് സ്കൂളുകൾ സഹകാര്യ മേഖലയിൽ അനുവദിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു.

പ്രീ-ഡിഗ്രി വിദ്യാഭ്യാസം ഹയർ സെക്കൻററി സ്കൂളിന്റെ ഭാഗമാക്കാൻ നടപടി

* 31. [34] ശ്രീ. എം. എം. ഹസ്സൻ :
,, ജി. കാർത്തികേയൻ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, ബെന്നി ബഹനാൻ :
,, രമേശ് ചെന്നിത്തല : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പ്രീ-ഡിഗ്രി വിദ്യാഭ്യാസം യൂണിവേഴ്സിറ്റികളിൽനിന്നും വേർപെടുത്തി ഹയർ സെക്കൻഡറി സ്കൂളിന്റെ ഭാഗമാക്കാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി : (ശ്രീ. ടി. എം. ജേക്കബ്) :

(എ, ബി) പ്രീ-ഡിഗ്രി വിദ്യാഭ്യാസം ഒരു പ്രത്യേക ബോർഡിന്റെ ചുമതലയിൽ കൊണ്ടുവരുന്ന കാര്യം ഗവൺമെൻറിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്. തീരുമാനമൊന്നും ആയിട്ടില്ല.

ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ അംഗീകാരം

* 32. [35] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. മുഹമ്മദാലി :
,, രാഘവൻ പൊഴക്കടവിൽ :
,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അംഗീകാരം ലഭിച്ചോ ;

(ബി) ഇല്ലെങ്കിൽ കാരണം എന്താണ് ;

(സി) അംഗീകാരം നേടിയെടുക്കാൻ സംസ്ഥാന ഗവൺമെന്റ് ഇതിനോടകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ, ബി, സി) ഗാന്ധിജി യൂണിവേഴ്സിറ്റിയെ യു. ജി. സി. യുടെയും കേന്ദ്ര ഗവൺമെന്റിന്റെയും ധന സഹായത്തിന് അർഹമാണെന്നു പ്രഖ്യാപിച്ചു കിട്ടാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് യു. ജി. സി. യെ സമീപിച്ചിരുന്നു. ഇതിനു മറുപടിയായി യു. ജി. സി. ആക്ടിലെ 12 എ വകുപ്പനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന താഴെ പറയുന്ന നിബന്ധനകൾ ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിൽ ഉൾക്കൊള്ളിക്കണമെന്ന് യു. ജി. സി. നിർദ്ദേശിച്ചു.

(1) ഒരു പ്ലാനിംഗ് ബോർഡ് രൂപീകരിക്കാൻ ആവശ്യമായ വ്യവസ്ഥ.

(2) സർവ്വകലാശാലയുടെ ഭരണസംവിധാനം ഗജേന്ദ്രഗാഡ്കർ കമ്മിറ്റി റിപ്പോർട്ടിനെയും, കേന്ദ്ര സർവ്വകലാശാല നടത്തിപ്പിനെപ്പറ്റി അവലോകനം നടത്തിയ കമ്മിറ്റി റിപ്പോർട്ടിനെയും ആസ്പദമാക്കിയുള്ളതായിരിക്കണം.

കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിന് ഭേദഗതികൾ വരുത്തണമെന്ന് യു. ജി. സി. നിർദ്ദേശിച്ചിട്ടുണ്ട്.

(1) പ്രൊ-ചാൻസലർ തസ്തിക ആവശ്യമില്ല.

(2) വൈസ് ചാൻസലറുടെ പേര് നിർദ്ദേശിക്കാൻ നിയമിതമാകുന്ന കമ്മിറ്റി നൽകുന്ന പാനലിൽനിന്നും ചാൻസലർ ഒരാളെ നിയമിക്കാൻവേണ്ട വ്യവസ്ഥ ഉൾക്കൊള്ളിക്കണം.

(3) വൈസ് ചാൻസലറുടെ ശുപാർശ പ്രകാരം സിൻഡിക്കേറ്റ് പ്രൊ-വൈസ് ചാൻസലറെ നിയമിക്കണം.

(4) രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരെ സിൻഡിക്കേറ്റ് നിയമിക്കണം.

(5) സെനറ്റിന്റെ ആവശ്യമില്ല. സർവ്വകലാശാലയുടെ നയപരമായ കാര്യങ്ങളെപ്പറ്റിയും പ്രവർത്തനശൈലിയിൽ വരുത്തേണ്ട ഭേദഗതിയെപ്പറ്റിയും മറ്റും സംസ്ഥാന നിയമസഭ, സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് ചർച്ച ചെയ്യുന്ന അവസരത്തിൽ പരിഗണിക്കാവുന്നതാണ്.

(6) സർവ്വകലാശാല സിൻഡിക്കേറ്റ്, ചാൻസലറുടെയോ, സംസ്ഥാന ഗവൺമെന്റിന്റെയോ, രണ്ടു നോമിനികൾ മറ്റു സർവ്വകലാശാലയിലെ രണ്ട് വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ, പ്രൻസിപ്പൽമാർ, ഡീനുകൾ, വകുപ്പുമേധാവികൾ ഇവർ ഉൾക്കൊള്ളുന്നതും 13 അംഗങ്ങളിൽ കവിയാത്തതുമായ ഒരു ചെറിയ സമിതി ആയിരിക്കണം.

(7) അക്കാഡമിക് കൗൺസിലിൽ അദ്ധ്യാപകരുടെ അംഗത്വം തെരഞ്ഞെടുപ്പിലൂടെ ആയിരിക്കരുത്. അത് റൊട്ടേഷൻ അനുസരിച്ചായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(8) ബോർഡ് ഓഫ് സ്റ്റഡീസിലെ മെമ്പർഷിപ്പ് റൊട്ടേഷൻ അനുസരിച്ചായിരിക്കണം. അദ്ധ്യാപകരുടെ യോഗ്യത, അവരുടെ സെലക്ഷൻ എന്നിവ യു. ജി. സി. നിർദ്ദേശപ്രകാരം ആയിരിക്കണം.

(9) ഫിനാൻസ് കമ്മിറ്റിയിൽ സിൻഡിക്കേറ്റിന്റെ മൂന്ന് അനദ്ധ്യോഗിക അംഗങ്ങൾ ഉണ്ടായിരിക്കണം.

(10) സർവ്വകലാശാലയിലെ വാർഷിക റിപ്പോർട്ടും കണക്കും ചാൻസലർക്കുകൂടി നൽകാനുള്ള വ്യവസ്ഥ വേണം. സർവ്വകലാശാല നിയമനത്തിനുള്ള യോഗ്യത മുതലായവ യു. ജി. സി. മാർഗ്ഗരേഖപ്രകാരം വേണം.

(11) യൂണിവേഴ്സിറ്റി യൂണിയന്റെ ആവശ്യങ്ങൾ പരിശോധിക്കണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ പ്ലാനിംഗ് ബോർഡ് രൂപീകരിക്കണം, ബോർഡ് ഓഫ് സ്റ്റഡീസിലെ മെമ്പർഷിപ്പ്, ഫൈനാൻസ് കമ്മിറ്റിയിൽ സിൻഡിക്കേറ്റ് മെമ്പർമാരുടെ നിയമനം, വാർഷിക റിപ്പോർട്ടും കണക്കും ചാൻസിലർക്ക് സമർപ്പിക്കൽ എന്നീ കാര്യങ്ങളെ സംബന്ധിച്ചു യു. ജി. സി. നിർദ്ദേശങ്ങൾ അംഗീകരിച്ച് അവരെ അറിയിച്ചിട്ടുണ്ട്. മറ്റു നിർദ്ദേശങ്ങളിൻമേൽ ഡോ. മാൽക്കം ആദിശേഷയ്യാ കമ്മീഷൻ നൽകിയിട്ടുള്ള അഭിപ്രായങ്ങൾ കേരള കാലിക്കറ്റ് സർവ്വകലാശാലകളുടെ അഭിപ്രായത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. ആ അഭിപ്രായങ്ങൾകൂടി പരിഗണിച്ചതിനുശേഷം തീരുമാനമെടുക്കുന്നതാണ്.

മരച്ചീനിയിൽ നിന്നും ചാരായം ഉൽപ്പാദിപ്പിക്കുന്ന ഡിസ്റ്റിലറികൾ

* 33. [36] ശ്രീ. ആർ. എസ്. ഉണ്ണി :
,, ടി. കെ. അബ്ദു :
,, വർക്കല രാധാകൃഷ്ണൻ :
,, പി. കുമാരൻ :
ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരച്ചീനിയിൽ നിന്നും ചാരായം ഉൽപ്പാദിപ്പിക്കുന്നതിന് സ്വകാര്യ മേഖലയിൽ മൂന്ന് ഡിസ്റ്റിലറികൾ സ്ഥാപിക്കുവാൻ ഈ സർക്കാർ തീരുമാനം എടുത്തിരുന്നുവോ ;

(ബി) അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നുവോ ; എങ്കിൽ എന്ന് ; ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) അംഗീകൃത തത്വങ്ങൾക്ക് വിധേയമായിട്ടായിരുന്നുവോ അപേക്ഷകൾ നൽകിയിരുന്നത് ;

(ഡി) കുപ്പയിൽനിന്ന് ചാരായം ഉൽപ്പാദിപ്പിക്കുന്നതിനും ഡിസ്റ്റിലറി തുടങ്ങുന്നതിനും 28-2-1986 വരെ ഗവൺമെന്റിനു ലഭിച്ച അപേക്ഷകൾ എത്ര ;

(ഇ) അപേക്ഷകർ ആരെല്ലാമാണ് ;

(എഫ്) ഇവരിൽ ആർക്കെങ്കിലും പുതിയ ഡിസ്റ്റിലറിക്ക് അനുമതി നൽകിയിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ആർക്കെല്ലാമാണെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly